(11) പാറശ്ശാല നിയോജക മണ്ഡലത്തിലെ പണി പൂർത്തിയായ പ്രൈമറി ഹെൽത്ത് സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട ചെങ്കൽ, കൊല്ലയിൽ, കുളത്തൂർ, പരിണയം എന്നീ പി.എച്ച്.സി. കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ട് വർഷങ്ങളേറെയായി. എന്നാലത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇക്കാര്യം പലതവണ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പി. എച്ച്. സി.കൾ തുറുന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫും ഫർണിച്ചറും നൽകി പാവപ്പെട്ട രോഗികളെ സംരക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിശേഷിച്ചും പുതിയ നൂറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ അത് നടത്തണമെന്ന് ഞാനൊന്നുകൂടി ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, പാറശ്ശാല മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 15 കിടക്കകളോടുകൂടിയ വാർഡിന്റെയും കുളത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 കിടക്കകളോടുകൂടിയ വാർഡിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ പ്രാഥമികാരോഗ്യകേന്ദ്രം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. 1994-ൽ ഒരു സ്റ്റാഫ് നഴ്സിന്റെ തസ്തിക അവിടെ പുതുതായി അനുവദിച്ചിട്ടുണ്ട്. വെള്ളം, ഫർണീച്ചർ, വൈദ്യുതി എന്നിവ നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പക്ഷേ കുളത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വൈദ്യുതി വിതരണം നടന്നു കഴിഞ്ഞിട്ടില്ലാ എന്നതാണ് അതിന്റെയൊരു തടസ്സം. ആവശ്യമായ ധനലഭ്യതയും സ്റ്റാഫും, വെള്ളം, വെളിച്ചം എന്നിവയും ലഭിക്കുന്ന മുറയ്ക്ക്, ഈ പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെങ്കിൽ തുറന്നു പ്രവർത്തിപ്പിക്കുവാനാവശ്യമായ നിർദ്ദേശം കൊടുക്കാം.

(12) കുഷ്ഠരോഗ നിവാരണ പദ്ധതി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിക്കുവേണ്ടി കേരളത്തിലെ 9 ജില്ലകളിൽ ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലെപ്രസി ഓഫീസർ സെക്രട്ടറിയുമായി ജില്ലാ ലെപ്രസി സൊസൈറ്റിയുടെ കീഴിൽ കരാർ വ്യവസ്ഥയനുസരിച്ച് പ്രതിദിനം 100 രൂപ വേതനം കണക്കാക്കി 175-ലധികം വരുന്ന ആളുകൾ ജോലി ചെയ്തുവരികയാണ്. ഇവർക്ക് സർവ്വീസിലുള്ള ആനുകൂല്യങ്ങളൊന്നും യഥാർത്ഥത്തിൽ ലഭിക്കുന്നില്ല. കഴിഞ്ഞ 5 വർഷമായി ഇവർ നല്ല നിലയിൽത്തന്നെ കേരളത്തിലെ 9 ജില്ലകളിലും പ്രവർത്തിക്കുകയാണ്. 2000 മാർച്ച് 31-ഓടുകൂടി ഈ ലക്ഷ്യം പൂർത്തിയായി എന്നു കണക്കാക്കി ഇവരെയെല്ലാം പിരിച്ചുവിടണം എന്നുള്ളതാണ് നിലപാട്. ആദിവാസികൾക്കിടയിലും മലയോര മേഖലയിലെ ചില ആളുകൾക്കിടയിലും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും കുഷ്ഠരോഗം പുതുതായി കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. ഡബ്ല്യൂ.എച്ച്.ഒ പദ്ധതിയുടെ ഭാഗമായിട്ടാണ് കേരളത്തിലും കുഷ്ഠരോഗ നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പുതുതായി ഇപ്പോഴും കുഷ്ഠരോഗികളെ കണ്ടെത്തിക്കൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ കേരളാ ഗവൺമെന്റ് പദ്ധതി നീട്ടിക്കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഡബ്ല്യൂ. എച്ച്. ഒ.യുടെ അംഗീകാരം ലഭിച്ചിട്ടില്ല. 175 പേരാണ് ഈ മേഖലയിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഇവരെല്ലാം 40 വയസ്സ് കഴിഞ്ഞവരാണ്. അവർക്ക് മറ്റ് ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യതയുമില്ല. ആരോഗ്യസംരക്ഷണ മേഖലയിൽ ഒരു വൻ പദ്ധതിയുടെ ഭാഗമായിട്ട് ജോലി ചെയ്തിട്ടുള്ള ഇവരെ പിരിച്ചയയ്ക്കാൻ തീരുമാനിക്കുന്നത് വളരെ കഷ്ടമായിരിക്കും. കുഷ്ഠരോഗ നിവാരണത്തിൽ കഠിനമായി പ്രവർത്തിച്ച ഇവർക്ക് ആരോഗ്യവകുപ്പിൽ കീഴിൽ ഒഴിവുള്ള തസ്തികയിൽ ജോലി കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ സ്റ്റേറ്റ് പാരാ മെഡിക്കൽ വർക്കേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണ നടത്തുകയാണ്. അവർ ഉന്നയിക്കുന്ന മുദ്രാവാക്യം എൻ. എൽ. ഇ. പി.കരാർ ജീവനക്കാരുടെ ജോലി സ്ഥിരത ഉറപ്പാക്കുക, പിരിച്ചുവിടൽ നീക്കം ഉപേക്ഷിക്കുക, ആരോഗ്യ മേഖലയിൽ സംരക്ഷണം കൊടുക്കുക എന്നിവയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, 1995-ലാണ് 199 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചത്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധിയാണ്. ഈ പദ്ധതി തുടങ്ങുമ്പോൾ തന്നെ ഈ
11 A.M.] കരാർ വ്യവസ്ഥ രണ്ടായിരം മാർച്ച് വരെയുള്ളുവെന്ന ധാരണയുണ്ടായിരുന്നു.

പക്ഷെ കേരളത്തിൽ, കരാർ വ്യവസ്ഥയിലാണെങ്കിലും അവരെ സ്ഥിരപ്പെടുത്തണമെന്ന സംഘടിതമായ ശബ്ദം ഉയരുമ്പോൾ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള ശ്രമം നടത്താറുണ്ട്. ആ ശ്രമത്തിന്റെ ഭാഗമായി, ഈ പദ്ധതി വീണ്ടും നീട്ടികിട്ടണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് പരിശോധിക്കുകയും അത് നീട്ടുകയും ചെയ്യുന്നുവെങ്കിൽ കരാറടിസ്ഥാനത്തിലുള്ള ഈ നിയമനം തുടർന്നുകൊണ്ടു പോകാൻ കഴിയും. മറ്റു നിയമനങ്ങളിൽ അവരെ ഉൾപ്പെടുത്തുന്ന കാര്യം നാം സ്വീകരിച്ചിട്ടുള്ള നയത്തിനുള്ളിൽ നിന്നുകൊണ്ട് പരിശോധിക്കേണ്ടതാണ്. അത് പരിശോധിച്ചേ ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പബ്ലിക് സർവീസ് കമ്മീഷന് അപ്പോയിൻമെന്റ് കൊടുക്കണമെന്ന് കേരളത്തിലെ യുവജൻ സംഘടനകൾ നിരന്തരമായി സമരമൊക്കെ നടത്തിയിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ സ്ഥിരപ്പെടുത്തിയാൽ സർവീസ് കമ്മീഷന്റെ തത്വത്തിൽ നിന്നൊക്കെ വ്യതിചലിച്ചു പോകുന്നുവെന്ന അഭിപ്രായവും വരുന്നുണ്ട്. ഏതായാലും അഞ്ച് കൊല്ലക്കാലം നല്ല സേവനം നടത്തിയെന്നതുകൊണ്ട് അവരുടെ സേവനം ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly